15 വൻകിട അക്കൗണ്ടുകളുടെ മാത്രമാണ്. ഈ ഔദ്യോഗിക കമ്മിറ്റികളോടൊപ്പംതന്നെ FICCI, ASSOCHAM, C- II തുടങ്ങിയ വ്യവസായ മുതലാളിമാരുടെ സംഘടനകളും ഇന്ത്യൻ ബാങ്കിംഗ് വ്യാവസായത്തെക്കുറിച്ച് പഠിക്കാൻ പല കമ്മിറ്റികളേയും നിയമിച്ചു. അവയുടെ ഒക്കെ റിപ്പോർട്ടുകളും തൊഴിലാളികളെ ദ്രോഹിക്കാനും, ഇന്ത്യയുടെ ദേശസാൽക്കരണ സങ്കല്പത്തെ തകർക്കാനും വഴിവയ്ക്കുന്ന തരത്തിലാണ്. അടുത്ത ദിവസങ്ങളിൽ C II-യുടെ ഒരു കമ്മിറ്റി ഇന്ത്യൻ ബാങ്ക്, യൂക്കോബാങ്ക്, യുണൈറ്റഡ് ബാങ്ക് എന്നിവ അടച്ചുപൂട്ടണം എന്ന് നിർദ്ദേശിക്കുകയുണ്ടായി. വ്യാപകമായ പ്രതിഷേധമുയർന്നപ്പോൾ ആ നിർദ്ദേശം പിൻവലിച്ചതായി തന്നെ പ്രസ്താവനയിറക്കി. ഇന്ത്യൻ കുത്തകകളും വിദേശകുത്തകകളും ലക്ഷ്യമിടുന്നത് 7,50,000 കോടിയോളം രൂപ വരുന്ന ബാങ്ക് ഡെപ്പോസിറ്റാണ്. ഇതിൽ 80% ദേശസാൽക്കൃത ബാങ്കുകളിലാണ്. ഈ ഭീമാകാരമായ നിക്ഷേപത്തിൽ 75% ഇന്ത്യയിലെ സാധാരണക്കാരുടേതാണ്. ഇതിൽ 2,50,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തുച്ഛമായ പലിശയ്ക്ക് ഉപയോഗിക്കുന്നതുമാണ്. ഐ.ഡി.ബി.ഐ., ഐ.എഫ്.സി.ഐ., സിഡ്ബി, നബാർഡ് തുടങ്ങിയ ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റൂഷൻസിനേയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ റിസർവ് ബാങ്കിനെ ആട്ടോണമസ് ആക്കി, സർക്കാരിന്റെയും പാർലമെന്റിന്റെയും നിയന്ത്രണത്തിൽനിന്നും വിടുതൽ ചെയ്യാനുള്ള നീക്കങ്ങളും നടക്കുന്നു. റിസർവ് ബാങ്കിന്റെ ബോർഡിലെ കുത്തകവ്യവസായികളുടെ എണ്ണം ഉയർത്താനും ശ്രമമുണ്ട്. ചുരുക്കത്തിൽ ബാങ്കിംഗ് മേഖലയാകെ കുത്തകകൾക്ക് കൈമാറുക എന്നതാണ് പരിപാടി. രാജ്യത്തിന്റെ സാമ്പത്തിക സ്വാശ്രയത്വം നിലനിന്നു കാണണമെന്നാഗ്രഹിക്കുന്നവർ ഇതിനെ ചെറുത്തുതോൽപ്പിക്കുവാൻ മുന്നിൽനിന്നു പ്രവർത്തിക്കുകതന്നെ വേണം. ഇതിന് എല്ലാ കക്ഷികളും കക്ഷി വ്യത്യാസമില്ലാതെ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ശ്രീ.ജി. സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ പ്രമേയത്തോട് വിയോജിച്ചതുകൊണ്ട് ഇത്ര പ്രധാനപ്പെട്ട വിഷയത്തിൽ ഞാൻ ഡിവിഷൻ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

റൂൾ 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു:

"ഇൻഡ്യയിലെ ദേശസാൽകൃത ബാങ്കുകളിൽ ആഭ്യന്തരവും വൈദേശികവുമായ ഓഹരി പങ്കാളിത്തം നൽകി സ്വാകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ ഈ സഭ ശക്തിയായി പ്രതിഷേധിക്കുന്നു. ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള ജനദ്രോഹ നടപടി ഉപേക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു".

<u>ശ്രീ. ടി.കെ. ബാലൻ</u> :- പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u> :- ശ്രീ. ജി.സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ..... പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly